**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3105** **04-08-2021 - ൽ മറുപടിയ്ക്ക്**

**കൊടകര കുഴൽപ്പണ കവർച്ച കേസിന്റെ കുറ്റപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എ . പി . അനിൽ കമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ സി ആർ മഹേഷ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കൊടകര കുഴൽപ്പണ കവർച്ച കേസിൽ പ്രത്യേക അന്വേഷണ സംഘം കേസിലെ 22 പ്രതികൾക്കെതിരെ ബഹു. ഇരിങ്ങാലക്കുട JFCM കോടതി മുമ്പാകെ 23.07.2021 തീയതി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് .അവശേഷിക്കുന്ന കവർച്ചാ മുതൽ കണ്ടെത്തുന്നതിനും, സമാന രീതിയിൽ നടന്നതായ മറ്റ പണമിടപാടുകൾക്ക് ഇലക്ഷൻ സംബന്ധമായ കുറ്റകൃത്യങ്ങളുമായോ മറ്റേതെങ്കിലും കുറ്റകൃത്യങ്ങളുമായോ ബന്ധമുണ്ടോ എന്നും കണ്ടെത്തുന്നതിനുമായി അന്വേഷണം തുടർന്നു വരുന്നു. ഇക്കാര്യം ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്. |
| (ബി) | ഒരു ദേശീയ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രചരണത്തിന് ഉപയോഗിക്കുവാൻ അതിന്റെ സംസ്ഥാന അധ്യക്ഷന്റെ നിർദ്ദേശാനുസരണം കൊണ്ടുവന്ന കുഴൽപ്പണമാണ് കവർച്ച ചെയ്യപ്പെട്ടതെന്ന് കുറ്റപത്രത്തിൽ പരാമർശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് പ്രചാരണത്തിനുപയോഗിക്കുന്നതിന് ബി.ജെ.പി. സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രന്റെ അറിവോടെയും പാർട്ടിയുടെ സംസ്ഥാന ഓർഗനൈസിംഗ് സെക്രട്ടറി എം.ഗണേഷ്, സംസ്ഥാന ഓഫീസ് സെക്രട്ടറി ഗിരീശൻ നായർ എന്നിവരുടെ നിർദ്ദേശാനുസരണവുമാണ് കേസിൽ കവർച്ച ചെയ്യപ്പെട്ട പണം കൊണ്ടു പോയിരുന്നത് എന്ന് കുറ്റ പത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കക്ഷിയുടെ സംസ്ഥാന അധ്യക്ഷന്റെ അറിവോടെ കുഴൽപ്പണം തെരഞ്ഞെടുപ്പ് ക്രമക്കേടുകൾക്കായി കടത്തിക്കൊണ്ടു വന്നതായി ബോധ്യപ്പെട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. കേസിലെ പ്രധാന സാക്ഷിയായ ധർമ്മരാജൻ നൽകിയ മൊഴി പ്രകാരം ഇതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള അനധികൃത പണമിടപാടുകൾ ബി.ജെ.പിയുടെ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്കായി കൊണ്ടു വന്നതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ഇൻകം ടാക്സ് |

| | | | |
|---|---|---|---|
| | | | വിഭാഗം എന്നിവിടങ്ങളിൽ പ്രാഥമിക റിപ്പോർട്ട് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ